LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 15, വ്യാഴം

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 2004 ജൂലൈ മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യം 340

അസംഘടിത തൊഴിൽമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

*1 [340] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

" കെ. കെ. ജയചന്ദ്രൻ:

" ടി. പി. രാമകൃഷ്ണൻ:

" എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത തൊഴിൽമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുമെന്നും സാമൂഹ്യസുരക്ഷാപദ്ധതികൾ നടപ്പിലാക്കുമെന്നും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം പുതിയ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) അസംഘടിത തൊഴിൽമേഖലയിൽ അവശേഷിക്കുന്ന ഏതെല്ലാം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പുതുതായി 15 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പരിപാടികൾ നടപ്പിലാക്കാവുന്ന ഘട്ടത്തിലായിട്ടുണ്ടോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉണ്ട്. ദുരിതജീവിതം നയിക്കുന്ന അസംഘടിത മേഖലയിലെ തൊഴിലാളികളെക്കൂടി സാമൂഹിക സുരക്ഷാ ശൃംഖലയിൽ കൊണ്ടുവരുന്നതിന് മുൻഗണന നൽകുമെന്നും അരക്ഷിത മേഖലകളിലും സേവന തുറകളിലും പ്പെടുന്ന തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കുമെന്നും സർക്കാരിന്റെ തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ അസംഘടിത മേഖലയിലെ ഒരു നല്ലപങ്ക് തൊഴിലാളികളെയും ഇതിനകംതന്നെ വിവിധ ക്ഷേമപദ്ധതികളുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി "കേരള അലക്കുതൊഴിലാളി ക്ഷേമപദ്ധതി" "കേരള ബാർബർ തൊഴിലാളി ക്ഷേമപദ്ധതി" എന്നീ രണ്ടു പുതിയ ക്ഷേമപദ്ധതികൾക്ക് രൂപം നൽകുകയും അവ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പെൻഷൻ, അംഗവൈകല്യം സംഭവിച്ചാലുള്ള ആനുകൂല്യം, മരണാനന്തരം ആശ്രിതർക്കുള്ള ആനുകൂല്യം, റിട്ടയർമെന്റ് ആനുകൂല്യം തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ ഈ രണ്ടു വിഭാഗം തൊഴിലാളികൾക്കും ഇതുമൂലം ലഭ്യമാകുന്നതാണ്. ഇപ്പോൾത്തന്നെ നിലവിലുള്ള കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി അസംഘടിത മേഖലയിലെ ബഹുഭൂരിപക്ഷം തൊഴിലാളികൾക്കും അംഗങ്ങളാകുവാൻ കഴിയുന്ന പ്രകാരത്തിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. എന്നിരുന്നാലും ശേഷിക്കുന്ന തൊഴിലാളികൾക്കും സാമൂഹിക സുരക്ഷ നൽകുന്ന കാര്യം സജീവ പരിഗണനയിലാണ്.

കൂടാതെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച അസംഘടിത തൊഴിലാളികളുടെ പുതിയ പദ്ധതി നടപ്പിലാക്കുമ്പോൾ ഈ മേഖലയിൽ കാര്യമായി സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) അസംഘടിത തൊഴിൽ മേഖലയിൽ അവശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കടകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്കും മോട്ടോർ/വർക്ക്ഷോപ്പ് ജീവനക്കാർക്കും ഉള്ള പ്രത്യേകം ക്ഷേമപദ്ധതികൾ സജീവ പരിഗണനയിലാണ്. സ്വർണ്ണ തൊഴിലാളികൾ, കളിമൺപാത്ര വ്യവസായത്തിലെ തൊഴിലാളികൾ എന്നിവർക്കും ക്ഷേമപദ്ധതികൾ പരിഗണിച്ചു വരുന്നു. ഇതുകൂടാതെ വീട്ടുജോലിക്കു നിൽക്കുന്ന തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞകൂലി ഉറപ്പുവരുത്തുന്നതിനായി അവരെക്കൂടി മിനിമം വേജസ് നിയമത്തിലെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്ന കാര്യവും പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഉറപ്പു വരുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള അസംഘടിത മേഖലാ തൊഴിലാളി സാമൂഹിക സുരക്ഷാ പദ്ധതിയിലും അവർക്ക് അംഗങ്ങളായി ചേരുവാൻ കഴിയുന്നതാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഇതേവരെ ആരോഗ്യ പരിരക്ഷ ലഭ്യമായിരുന്നില്ല. അവരെക്കൂടി എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തി ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി അവർക്ക് ആരോഗ്യസുരക്ഷാ കാർഡ് നൽകുന്നതാണ്.

(ഡി) സ്ഥായിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ മുന്നോടിയായി അഞ്ച് വർഷംകൊണ്ട് അഞ്ച് ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യം മുൻനിർത്തി രൂപം നൽകപ്പെട്ട ഒരു പദ്ധതിയാണിത്. കൃഷി, വ്യവസായം, ഗ്രാമവികസനം, എംപ്ലോയ്മെന്റ് സർവ്വീസ്, വ്യാവസായിക പരിശീലനം, ഫിഷറീസ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, കുടുംബശ്രീ, വ്യവസായ വികസന കോർപ്പറേഷൻ തുടങ്ങി വിവിധ ഏജൻസികൾ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തൊഴിലധിഷ്ഠിത വൈദഗ്ധ്യം വികസിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ പദ്ധതി ഉപകരിക്കുന്നതാണ്. കേരളത്തിൽ മെച്ചപ്പെട്ട ഒരു നിക്ഷേപ സൗഹൃദാന്തരീക്ഷം ഉറപ്പു വരുത്തുവാൻ പുതിയ വ്യവസായ തൊഴിൽ നയങ്ങൾ സഹായകമായിട്ടുണ്ട്. കേരളത്തിൽ മുതൽമുടക്കുവാനുള്ള സാധ്യതകളെപ്പറ്റി പുറം രാജ്യങ്ങളെ അറിയിക്കുവാനുള്ള പ്രചാരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ മൂലം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു കരുതുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള കമ്പനികൾ നടത്തി വന്നിരുന്ന വ്യവസായപ്രക്രിയ ക്രമേണ നിർത്തിവച്ചുകൊണ്ട് വീടുകൾ അടിസ്ഥാനമാക്കി ഉൽപ്പാദനം നടത്തുന്ന ഒരു പുതിയ സംവിധാനം നമ്മുടെ നാട്ടിൽ ശക്തിപ്പെട്ടിരിക്കുകയാണ്. തൊഴിലാളി-തൊഴിലുടമാബന്ധമില്ലാതെ, യാതൊരുവിധ നിയമങ്ങൾക്കും വിധേയമാകാതെ വീടുകളിൽ ജോലി ചെയ്യുന്ന സമ്പ്രദായം ശക്തിപ്പെട്ടിരിക്കുകയാണ്. ബീഡി, കൈത്തറി, കശുവണ്ടി തുടങ്ങിയ മേഖലകളിലുള്ള തൊഴിലാളികൾ ഇങ്ങനെ ജോലി ചെയ്യുന്നുണ്ട്. അതുകൊണ്ട് അസംഘടിത മേഖലയിലുള്ള ഈ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടുള്ള ഒരു ക്ഷേമപദ്ധതിക്ക് ഗവൺമെന്റ് അടിയന്തിര രൂപം കൊടുക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, നമ്മുടെ സംസ്ഥാനത്തുള്ള ഒരു പ്രശ്നം ഇതാണ്. സംഘടിത തൊഴിലാളി, അസംഘടിത തൊഴിലാളി എന്നുള്ള വേർതിരിവ് കേരളത്തിൽ വളരെ കുറവാണ്. ബീഡിത്തൊഴിലാളികളെക്കുറിച്ചും, കശുവണ്ടി തൊഴിലാളികളെക്കുറിച്ചുമൊക്കെ അങ്ങ് ഇവിടെ പറഞ്ഞു. ബീഡിത്തൊഴിലാളികളും കശുവണ്ടിത്തൊഴിലാളികളുമൊക്കെ അസംഘടിത മേഖലയിലായിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

കമ്പനികളിൽ നിന്ന് പോയി ഏതെങ്കിലും കോൺട്രാക്റ്റ് ബേസ്സിസിൽ ജോലി ചെയ്യുന്ന ഒരു പുതിയ സാഹചര്യം വന്നിട്ടുണ്ട്. അതിനൊരു പ്രധാന കാരണം പ്രൊഡക്ഷൻ കോസ്റ്റാണ്. നമ്മുടെ സംസ്ഥാനത്ത് ഏത് സാധനം ഉൽപ്പാദിപ്പിക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉൽപ്പാദനച്ചെലവ് കൂടുതലാണ്. ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കുറയ്ക്കാനുള്ള പ്രവണത കണ്ടുവരുന്നുണ്ട്. ഇതിന് ഗവൺമെന്റ് മാത്രം വിചാരിച്ചാൽ പരിഹാരമുണ്ടാക്കാൻ കഴിയില്ല. തൊഴിലാളികളും, തൊഴിലാളി സംഘടനകളും ഇതിനെ നിരുൽസാഹപ്പെടുത്തണം. ഇതിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി (ഡി) ചോദ്യത്തിനുത്തരമായി പറഞ്ഞത് കേരളത്തിൽ മെച്ചപ്പെട്ട ഒരു നിക്ഷേപ സൗഹൃദാന്തരീക്ഷം ഉറപ്പുവരുത്താൻ പുതിയ വ്യവസായ തൊഴിൽ നയങ്ങൾ സഹായകമാണെന്നാണ്. കേരളത്തിൽ മുതൽ മുടക്കാനുള്ള സാദ്ധ്യതകളെപ്പറ്റി പുറംരാജ്യങ്ങളെ അറിയിക്കുവാനുള്ള പുതിയ പ്രചരണ പദ്ധതികൾ സംഘടിപ്പിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. നമ്മുടെ ഇക്കണോമിക് റിവ്യൂ നമ്മുടെ സംസ്ഥാനത്തിന്റെ ഔദ്യോഗികമായ അടിസ്ഥാന രേഖയാണ്. ആ അടിസ്ഥാന രേഖയിൽ 19-ാം അദ്ധ്യായത്തിൽ അദ്ധ്വാനവും തൊഴിലുമെന്ന സ്ഥലത്ത് പറഞ്ഞിട്ടുള്ളത് "അസംഘടിത മേഖലയിലെ ചുമട്ടു തൊഴിലാളികൾ നിർമ്മാണ തൊഴിലാളികൾ തുടങ്ങിയവർ അന്യായമായ പെരുമാറ്റ രീതി അവലംബിക്കാറുണ്ട്". സംസ്ഥാന ഗവൺമെന്റിന്റെ അടിസ്ഥാനപരമായ രേഖയിലാണ് ഇതെഴുതി വച്ചിരിക്കുന്നത്. മണ്ണിന്റെ മക്കൾവാദം, അട്ടിമറി തുടങ്ങിയ രീതികൾ അവലംബിക്കുന്നതുമൂലം സംസ്ഥാനത്ത് നിക്ഷേപം വരുന്നില്ലെന്നാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഇങ്ങനെയൊരു കാര്യം നമ്മുടെ അടിസ്ഥാന രേഖയിൽ എഴുതിവച്ചാൽ ഇതു നോക്കുന്ന ഏതൊരാളാണ് ഇവിടെ വരാൻ പോകുന്നത്? വെബ്സൈറ്റിലും ഇതേരീതിയിൽ തന്നെ വന്നിരിക്കുകയാണ്. ഇക്കണോമിക് റിവ്യൂവിൽ എഴുതിവച്ചിരിക്കുന്ന ഈ പരാമർശം മാറ്റുന്നതിനുള്ള ഇടപെടൽ ഗവൺമെന്റ് നടത്തുമോ, തൊഴിലാളി വിരുദ്ധകാര്യം ഇങ്ങനെ എഴുതിവയ്ക്കുന്നത് ശരിയാണോ?

ശ്രീ. ബാബു ദിവാകരൻ: സർ, തീർച്ചയായും തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു പരാമർശം ആശാസ്യമല്ല എന്നു തന്നെയാണ് തൊഴിൽ വകുപ്പിന്റെ അഭിപ്രായം. തൊഴിൽ വകുപ്പ് കൊടുത്ത ബ്രീഫിംഗിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതല്ല ഇക്കണോമിക് റിവ്യൂവെന്ന് അങ്ങയ്ക്കറിയാം. It has scared away many potential investors എന്നേയുള്ളൂ. ഇക്കണോമിക് റിവ്യൂ പോലുള്ള ഔദ്യോഗിക രേഖയിൽ കേരളത്തിലെ തൊഴിലാളികൾക്കെതിരായുള്ള പരാമർശമുണ്ടെങ്കിൽ അതു തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, കേരളത്തിലെ കാർഷിക മേഖലയിൽ കൃഷി കുറഞ്ഞു കുറഞ്ഞു വരുകയാണെന്നാണ് ഇക്കണോമിക് റിവ്യൂവിൽ, (ഗവൺമെന്റ് തന്ന ഔദ്യോഗിക രേഖയിൽ) ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കേരളത്തിൽ അസംഘടിത മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിൽ കൊടുക്കാൻ കഴിയുന്ന ഒരു രംഗം കാർഷിക മേഖലതന്നെയാണ്. അപ്പോൾ കാർഷികാധിഷ്ഠിതമായ പുതിയ വ്യവസായങ്ങൾ തുടങ്ങാൻ ഗവൺമെന്റ് എന്തെങ്കിലും പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; അങ്ങനെയൊരു പഠനം നടത്താൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: സർ, നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയെന്നു പറയുന്നത് നാണ്യവിളകളാണ്. ആ നാണ്യവിളകളെ അടിസ്ഥാനമാക്കി വളരെയധികം സാദ്ധ്യതകളുണ്ട്. ആ സാദ്ധ്യതകൾ നമ്മൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിക്കുന്നത് നമ്മുടെ സംസ്ഥാനത്താണ്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഏറ്റവും കുറവും നമ്മുടെ സംസ്ഥാനത്താണ്. നാണ്യവിളകളായ പല സുഗന്ധദ്രവ്യങ്ങളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതിന്റെയെല്ലാം വാല്യൂ അഡിഷൻ നടത്താൻ നമ്മുടെ നാട്ടിൽ വളരെയധികം സാദ്ധ്യതകളുണ്ട്. പക്ഷെ നിർഭാഗ്യവശാൽ ഈ മേഖലകളിൽ കാര്യമായ ശ്രദ്ധപതിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഫുഡ് പ്രൊഡക്ഷനിലും, വെജിറ്റബിൾ പ്രോസസ്സിംഗിലും ഒക്കെയാണ് ഇപ്പോൾ ഊന്നൽ കൊടുക്കുന്നത്. അത് കാർഷിക മേഖലയുമായി ബന്ധപ്പെടുത്തി തന്നെയാണ്. കേന്ദ്ര ഗവൺമെന്റ് കാർഷിക മേഖലയിൽ ഇതുപോലുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ പ്രോൽസാഹിപ്പിക്കുന്ന ഒരു നയം സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ചുവടുപിടിച്ച് നമ്മുടെ സംസ്ഥാനത്തും കാർഷിക മേഖലയുടെ അടിസ്ഥാന വികസനത്തിന് മുൻഗണന നൽകാൻ വ്യവസായ വകുപ്പ് നടപടി എടുക്കുന്നുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഈ ഗവൺമെന്റ് 2002-ലെ ബഡ്ജറ്റിൽ യുവജനങ്ങൾക്ക് ജോലി കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതിയും 2002-2003 സാമ്പത്തിക വർഷത്തിൽ സ്ത്രീകൾക്ക് തൊഴിൽ കൊടുക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതിയെന്ന നിലയിൽ ഒരു കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് എന്ത് പരിപാടിയാണ് ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്നത്, അതിൽ എത്ര പേർക്ക് ഇതുമായി ബന്ധപ്പെട്ട് തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കാമോ?

ശ്രീ. ബാബു ദിവാകരൻ: ഈ ചോദ്യത്തിന്റെ 'സി'-യുടെ ഉത്തരത്തിൽ വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. ഇത് ഏതെങ്കിലും ഒരു പ്രത്യേക മേഖലയിൽ ഊന്നൽ നൽകാതെ കാർഷിക മേഖല, വ്യവസായം, ഗ്രാമ വികസനം, എംപ്ലോയ്മെന്റ് സർവ്വീസ്, വ്യവസായ പരിശീലനം, ഫിഷറീസ്, ഖാദി, ഗ്രാമവ്യവസായം തുടങ്ങി സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി കുടുംബശ്രീയെ അടിസ്ഥാനമാക്കി പല മേഖലയിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

നിയമനം കൊടുക്കുമെന്നല്ല പറയുന്നത്, തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാഹചര്യമൊരുക്കുമെന്നാണ് പറയുന്നത്. അഞ്ചു ലക്ഷം നിയമനങ്ങൾ കൊടുക്കുക എന്നുള്ളതല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതാതു മേഖലയിൽ കൃത്യമായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് എന്നുള്ളത് മൊത്തമായി കണക്കെടുക്കുമ്പോൾ മാത്രമേ നമുക്ക് അറിയാൻ കഴിയൂ. ഇക്കണോമിക് റിവ്യൂ അനുസരിച്ച് മൊത്തം സ്റ്റാറ്റിസ്റ്റിക്സ് എടുത്തിട്ട് ഒരു വർഷത്തെ പുതിയ തൊഴിലവസരങ്ങൾ എത്ര സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നുള്ളതിനെ സംബന്ധിച്ച് കണക്ക് എടുക്കുമ്പോൾ മാത്രമേ കൃത്യമായി പറയാൻ കഴിയൂ.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, അസംഘടിത മേഖലയിൽ തൊഴിൽ സാധ്യതകളുടെ വികാസവും സാമൂഹിക സുരക്ഷാ പദ്ധതിക്കുമാണ് പ്രധാനമായി ഊന്നൽ നൽകേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ കേരളത്തിൽ തൊഴിൽവകുപ്പിൽ നിക്ഷേപത്തിന്റെ സാധ്യതകളെ സംബന്ധിച്ച് ഒരു പ്രതികരണമുണ്ടായി. സഭയിൽ വ്യവസായ വകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തു കൊണ്ട് "തലയിൽ കെട്ടിയും മീശപിരിച്ചും ഇവിടെ ഇൻവെസ്റ്റുമെന്റ് തടയുകയാണ്" എന്ന നിലയിൽ വ്യവസായ വകുപ്പുമന്ത്രി ഈ സഭയിൽ സംസാരിക്കുകയുണ്ടായി. തൊഴിൽ വകുപ്പിന്റെ പ്രതികരണവും പറഞ്ഞു. ഇതിൽ ഏതാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാട് എന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഇവിടെ നമ്മുടെ സാമൂഹിക ജീവിതത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യം നമ്മൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. മുതലാളിത്ത വികസന സമീപനം തൊഴിലില്ലായ്മയുടെ വളർച്ചയാണ്. ഇതിനെ അടിസ്ഥാനമാക്കി കൊണ്ടാണ് ആഗോളവത്കരണ നയങ്ങൾ നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയത്. അതിനെ അടിസ്ഥാനമാക്കി ശക്തമായ നിലപാട് സ്വീകരിച്ച ഗവൺമെന്റാണ് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ്. കേരളത്തിൽ 73,020 ചെറുകിട വ്യവസായങ്ങൾ പൂട്ടി. തമിഴ്നാടും ഉത്തർപ്രദേശും കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടിയത് കേരളത്തിലാണ്. ഇത് കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നമാണ്. വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെ അസംഘടിത മേഖലയിൽ തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള വ്യക്തമായ കർമ്മ പരിപാടി ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: അങ്ങ് ഓർഗനൈസ്ഡ് ഗ്രോത്തിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതൊക്കെ ഓരോ വീക്ഷണ ഗതിയാണ്. ഇതിനെ സംബന്ധിച്ച് പല വീക്ഷണഗതികളുണ്ട്. ഓരോരുത്തർക്കും അവരുടേതായ വീക്ഷണമുണ്ട്. എല്ലാംകൂടി ചേരുന്നതാണ് യാഥാർത്ഥ്യം. ഇവിടുത്തെ ഏതെങ്കിലും ഒരു തൊഴിലാളിയെ സംബന്ധിച്ച് മോശമായ അഭിപ്രായമുണ്ടെങ്കിൽ ആവശ്യമില്ലാത്ത പ്രചരണമുണ്ടാകും. പ്രചണ്ഡമായ പ്രചരണങ്ങളിലൂടെ നെഗറ്റീവായിട്ട് ഭവിക്കത്തക്ക രീതിയിൽ വന്നു ഭവിക്കുന്നുണ്ട്. അത് ചൂണ്ടിക്കാണിച്ചുവെന്നു മാത്രമേയുള്ളൂ. അത് തൊഴിലാളികൾക്ക് എതിരായിട്ടല്ല. കേരളത്തിലെ തൊഴിലാളികളെപ്പോലെ വിദഗ്ദ്ധരായ ഇത്ര ക്വാളിറ്റി പ്രൊഡക്ഷൻ നൽകുന്ന തൊഴിലാളികൾ വളരെ അപൂർവമായിട്ടേ ലോകത്തുതന്നെ ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ തൊഴിലാളികളെ സംബന്ധിച്ച് യു.ഡി.എഫിന് പ്രത്യേകമായ അവമതിപ്പിന്റെ പ്രശ്നമേയില്ല. തൊഴിലാളികളെ കുറിച്ച് നല്ല മതിപ്പാണ് ഉള്ളത്. ബഹുമാനപ്പെട്ട രാമകൃഷ്ണൻ പറഞ്ഞ അസംഘടിത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് അടുത്ത കാലത്ത് പുതിയ ബിൽ അവതരിപ്പിച്ച് പ്രാവർത്തികമാക്കാൻവേണ്ടി ശ്രമിച്ചപ്പോഴാണ് ആ ഗവൺമെന്റ് പോയത്. അങ്ങേയ്ക്ക് സ്വാധീനം ചെലുത്താൻ കഴിയുന്ന പുതിയ യു.പി.എ. ഗവൺമെന്റിൽ ആവശ്യമായ സ്വാധീനം ചെലുത്തി, പ്രത്യേകിച്ചും സംഘടിത ട്രേഡ് യൂണിയനുകളാണ് ഡൽഹിയിലെ ഭരണം നിയന്ത്രിക്കുന്നതിൽ സുപ്രധാനമായ പങ്ക് വഹിക്കുന്നത് എന്നതിനാൽ അവർക്ക് ഇക്കാര്യത്തിൽ വളരെ സുപ്രധാനമായ പ്രാധാന്യം നൽകി അത് നടപ്പിലാക്കാൻ ശ്രമിക്കും.

ശ്രീ. ടി. പി. രാമകൃഷ്ണൻ: അസംഘടിത മേഖലയിൽ വലിയ തൊഴിൽ സാധ്യതയുള്ള ഒരു മേഖലയാണ് കരിങ്കൽ ക്വാറികൾ. കരിങ്കൽ പൊട്ടിച്ചെടുക്കണമെങ്കിൽ നിയമപരമായി ഒരുപാട് കടമ്പകൾ കടക്കണം. ഉദ്യോഗസ്ഥർക്ക് കൈക്കൂലി കൊടുത്താലേ ഈ ജോലി തുടരാൻ കഴിയൂവെന്നുള്ള അവസ്ഥ കേരളത്തിൽ നിലനിൽക്കുകയാണ്. കരിങ്കൽ ക്വാറികളിൽ കരിങ്കൽ നിയമപരമായി പൊട്ടിച്ചെടുക്കുന്നതിന് കഴിയത്തക്ക രീതിയിൽ നിലവിലുള്ള വ്യവസ്ഥ ഉദാരമാക്കിക്കൊണ്ട് ഒരു നിയമനിർമ്മാണത്തിന് തൊഴിൽ വകുപ്പ് മുൻകൈ എടുക്കുമോ?

ശ്രീ. ബാബു ദിവാകരൻ: കരിങ്കൽ ക്വാറികളിൽ നമ്മുടെ സംസ്ഥാനത്ത് വളരെയധികം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഈ മേഖലയിൽ ഇപ്പോൾ ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ക്വാറികളിൽ പാറപൊട്ടിക്കുന്നതിനെ സംബന്ധിച്ച് ആ പ്രദേശത്തെ പരിസ്ഥിതി സംരക്ഷകർ ചില പ്രശ്നങ്ങൾ ഉയർത്തിയിട്ടുണ്ട്. പലപ്പോഴും പാറപൊട്ടിക്കുന്നതിനെതിരായി സംഘടിതമായ ചെറുത്തുനിൽപ്പ് വരുന്നുണ്ട്. അതുകൊണ്ടാണ് നിയമത്തിന്റെ വളരെ ശക്തമായ നടപ്പാക്കൽ ആവശ്യമായി വരുന്നത്. ഈ മേഖലയിൽ എന്തെങ്കിലും പ്രതിസന്ധി സൃഷ്ടിക്കുകയാണെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഇക്കണോമിക് റിവ്യൂ റിപ്പോർട്ട് അനുസരിച്ച് നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മാ നിരക്ക് 7.39% ആണ്. പക്ഷേ കേരളത്തിൽ അതിന്റെ മൂന്നിരട്ടി, 20.77% ആണ്. മൂന്നിരട്ടി തൊഴിലില്ലായ്മയ്ക്കു പുറമേ ഇക്കണോമിക് റിവ്യൂ റിപ്പോർട്ടിൽ പറയുന്നത് അസംഘടിത മേഖലയിൽനിന്ന് ആളുകൾ തൊഴിൽ നഷ്ടപ്പെട്ട് വരികയാണെന്നാണ്. 1991-ൽ 1,14,000 തൊഴിൽ ഉണ്ടായിരുന്നത് കുറയുന്ന വിധത്തിലേയ്ക്ക് മാറുന്നു എന്നാണ് സൂചനകൾ തെളിയിക്കുന്നത്. വിദേശത്ത് തൊഴിൽ നഷ്ടപ്പെട്ട് 7.5 ലക്ഷം ആളുകൾ ഇവിടെ തിരിച്ചു വന്നതായി ഇക്കണോമിക് റിവ്യൂവിൽ പറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തിന്റെ ഇതര സംസ്ഥാനങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് ആളുകൾ ഇങ്ങോട്ട് വരുന്നുണ്ട്. ഇവരെല്ലാം കാർഷികേതര അസംഘടിത മേഖലയിലേയ്ക്ക് തൊഴിലിനുവേണ്ടി വന്നുകൊണ്ടിരിക്കുകയാണ് എന്നാണ് ഇക്കണോമിക് റിവ്യൂ റിപ്പോർട്ടിൽ വസ്തുതകൾ സാധൂകരിച്ച് പറയുന്നത്. തൊഴിൽ ഉള്ളവർതന്നെ സംഘടിത മേഖലയിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് വരികയാണ്. ഇവർക്ക് അസംഘടിത മേഖലയിൽത്തന്നെ പരിരക്ഷ കൊടുക്കാൻ വല്ല നടപടിയും ക്രിയാത്മകമായി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട ജയരാജൻ പറഞ്ഞത് വളരെ ശരിയാണ്. സംഘടിത മേഖലയിൽനിന്ന് അസംഘടിത മേഖലയിലേയ്ക്കും അസംഘടിത മേഖലയിൽനിന്ന് തിരിച്ചും വരുന്നുണ്ട്. അതാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ചത്. ഇത് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന മാറ്റമാണ്. സംഘടിത മേഖലയിൽനിന്ന് തൊഴിലാളികൾ പലപ്പോഴും സ്കാറ്റേർഡായി പോകുന്നു, അല്ലെങ്കിൽ പലപ്പോഴും സ്പ്രെഡ്ഡായി പോകുന്ന അവസ്ഥയുണ്ട്. ആ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളും ആ കാര്യത്തെ സംബന്ധിച്ച് വിലയിരുത്തേണ്ടതായിട്ടുണ്ട്. ഇതിനെല്ലാം നിയമങ്ങൾ നടപ്പിലാക്കിവരുമ്പോൾ, ഉൽപ്പാദന ചെലവിനുള്ള വർദ്ധനവ് തുടങ്ങിയുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കും. കൂട്ടായി പരിശോധിച്ച് സംഘടിത മേഖലയിൽത്തന്നെ അവരെ നിലനിർത്താനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. എം. വി. ജയരാജൻ: 'ഡി' ചോദ്യത്തിൽ പുതിയതായി 15 ലക്ഷം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണ് എന്നുള്ള ചോദ്യത്തിന് അഞ്ചു വർഷം കൊണ്ട് അഞ്ചു ലക്ഷം പേർക്ക് തൊഴിൽ കൊടുക്കാനുള്ള പദ്ധതി പരിഗണിക്കുന്നു എന്നാണ് അങ്ങ് പറഞ്ഞത്. 15 ലക്ഷം എന്നുള്ളത് അങ്ങ് വിസ്മരിച്ചു, യു.ഡി.എഫ്. വിസ്മരിച്ചു. യു.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോയിൽ 8-ാം പേജിൽ അത് കൃത്യമായി പറയുന്നുണ്ട്. യു.ഡി.എഫ്. മാനിഫെസ്റ്റോയിൽ പറയുന്നത് ചെറുകിട വ്യവസായം, കാർഷിക ബിസിനസ്സ് എന്നീ മേഖലകളിൽ രണ്ടു ലക്ഷം, മൃഗസംരക്ഷണം, ജൈവവൈവിധ്യം, മത്സ്യബന്ധനം, കൃഷി എന്നീ മേഖലകളിൽ നാലു ലക്ഷം, ടൂറിസം വികസന സ്കീമിലൂടെ രണ്ട് ലക്ഷം, ഇൻഫർമേഷൻ ടെക്നോളജിയിൽ മൂന്നു ലക്ഷം, ബയോ ടെക്നോളജി സ്കീമുകൾ വഴി ഒന്നര ലക്ഷം, ഊർജ്ജ മേഖലയിൽ അര ലക്ഷം, ഒ.ഡി.ഇ.പി.സി. മുഖേന രണ്ടു ലക്ഷം..... സർക്കാർ ഏജൻസികൾ മുഖേന വിദേശ രാജ്യങ്ങളുമായി കരാർ ഉണ്ടാക്കി അഞ്ചു വർഷം കൊണ്ട് 15 ലക്ഷം തൊഴിലവസരങ്ങൾ ഉണ്ടാക്കുമെന്നാണ്. അത് താങ്കളുടെ ഗവൺമെന്റ് അഞ്ചു ലക്ഷമായി വെട്ടിക്കുറച്ചു. ഒ.ഡി.ഇ.പി.സി. വഴി വിദേശ രാജ്യങ്ങളിൽനിന്ന് കരാർ ഉണ്ടാക്കി തൊഴിൽ കൊടുക്കുന്നതിന് വല്ല പദ്ധതിയും സ്വീകരിച്ചിട്ടുണ്ടോ? അങ്ങ് തന്ന ഇക്കണോമിക് റിവ്യൂ റിപ്പോർട്ടിൽ നിന്ന് വ്യക്തമാകുന്നത് കഴിഞ്ഞ 2003-ൽ 54 ആളുകൾക്കാണ് ജോലി കിട്ടിയത് എന്നാണ്. ഇത്തരം പരിതഃസ്ഥിതിയിൽ വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് കൃത്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: സർ, 15 ലക്ഷം തൊഴിലവസരം സൃഷ്ടിക്കുമെന്ന് അന്നു പറഞ്ഞു. അതിന്റെ ഭാഗമായി തന്നെയാണ് ഈ 5 ലക്ഷം പദ്ധതിക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതി. അല്ലാതെ 15 ലക്ഷം എന്നുള്ള വാഗ്ദാനത്തിൽ നിന്നും ഞങ്ങൾ പുറകോട്ട് പോയിട്ടില്ല. എവിടെയൊക്കെ ഏതൊക്കെ നിയമനം നടത്തി എന്നല്ല നോക്കുന്നത്. സാഹചര്യങ്ങൾ സൃഷ്ടിച്ച് ഈ മേഖലയിലാകെ തന്നെ പുതിയ ഒരു ഉണർവ്വുണ്ടാക്കി അവിടത്തെ നിക്ഷേപങ്ങൾ വർദ്ധിപ്പിച്ച് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഒ.ഡി.ഇ.പി.സി. എന്ന് പറയുന്നത് ഒരു പ്രത്യേക സംവിധാനമാണ്. നമ്മുടെ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നതുപോലെ വിദേശത്തെ സ്ഥാപനങ്ങൾക്ക് നമ്മുടെ ഉദ്യോഗാർത്ഥികളെ എത്തിച്ചു കൊടുക്കുന്ന ഒരു എംപ്ലോയ്മെന്റ് സംവിധാനം മാത്രമാണ് ഒ.ഡി.ഇ.പി.സി. ചെയ്യുന്നത്. അതിൽ കഴിഞ്ഞ വർഷങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി ഈ വർഷം കൂടുതൽ ആളുകളെ അയച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടതല്ലാത്തതുകൊണ്ട് കൃത്യമായ ഒരു കണക്ക് ഇപ്പോൾ എന്റെ കയ്യിലില്ല. എന്റെ ഓർമ്മ ശരിയാണെങ്കിൽ പാരാമെഡിക്കൽ മേഖലയിൽ ഏറ്റവും കൂടുതൽ നിയമനം ഒ.ഡി.ഇ.പി.സി. വഴിയാണ് നടന്നു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഒ.ഡി.ഇ.പി.സി. വഴി ഈ വർഷം ഞങ്ങൾ കൂടുതൽ ആളുകളെ അയച്ചിട്ടുണ്ട്.

ശ്രീ. വർക്കല കഹാർ: സർ, ഈ കാലഘട്ടത്തിൽ ഐ.എൽ.ഒ.-യുടെ മുൻപിൽ ഉണ്ടായിരുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം അൺ ഓർഗനൈസ്ഡ് സെക്ടർ ആയിരുന്നു. 1990-കളിലെ കേരളത്തിലെ കണക്കനുസരിച്ച് കേരളത്തിലുള്ള ആകെ തൊഴിലാളികൾ 70 ലക്ഷം ആയിരുന്നു. അതിപ്പോൾ ഏകദേശം 1 കോടി തൊഴിലാളികളെങ്കിലും ഉണ്ടാകും. നമ്മുടെ ജനസംഖ്യയിലെ വലിയൊരു ഭാഗമുണ്ട്. ഇതിൽ ഇ.പി.എഫ്. പ്രോവിഡന്റ് ഫണ്ട്, മറ്റ് സ്റ്റാറ്റ്യൂട്ടറി ബെനിഫിറ്റ്സ് ഒക്കെ കിട്ടുന്നവർ 10 ലക്ഷം ആളുകളേ വരുകയുള്ളൂ. മന്ത്രി പറഞ്ഞത് വെൽഫെയർ ഓഫീസും മറ്റ് സംവിധാനങ്ങളും ഉണ്ട് എന്നാണ്. നമ്മുടെ രാജ്യത്ത് അമ്പതോ അറുപതോ ലക്ഷം വരുന്ന തൊഴിലാളികൾക്ക് ഒരു ബെനിഫിറ്റ്സും കിട്ടുന്നില്ല. അവരുടെ പരിരക്ഷ തന്നെ അപകടകരമാണ്. രണ്ട് കാര്യങ്ങളാണ് എനിക്ക് ചോദിക്കാനുള്ളത്. ഒന്ന്, കാർഷിക വികസന ബാങ്ക്, നബാർഡ് പോലുള്ള 'ലേബർ ബാങ്ക്' കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ച് ആ സെക്ടറിനുവേണ്ടി പദ്ധതിക്ക് രൂപം നൽകാനും അവരെ പരിരക്ഷിക്കുന്നതിന് വേണ്ടിയുള്ള സമഗ്രമായ വ്യവസ്ഥകൾ ഉണ്ടാക്കാനും ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും മുൻകൈ എടുക്കുമോ?

ശ്രീ. ബാബു ദിവാകരൻ: അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും സംഘടിത മേഖലയിലെ തൊഴിലാളികൾക്കും ചെറിയ സഹായങ്ങൾ ചെയ്യുന്നതിനായി ഒരു ലേബർ ബാങ്ക് എന്നുള്ള ആശയം വളരെ ശക്തമായി വന്നിട്ടുണ്ട്. ഇപ്പോൾ മറ്റ് ബാങ്കുകളുടെ ഇന്ററസ്റ്റ് റേറ്റ് ഒക്കെ വളരെ കുറഞ്ഞു വരുമ്പോൾ ഇ.പി.എഫിന്റെയും പി.എഫിന്റെയും ഒക്കെ പലിശ തീരുമാനിക്കുന്നത് സംബന്ധിച്ചാണ് കേന്ദ്ര ധനകാര്യ വകുപ്പു മന്ത്രിയുമായിട്ട് ഏറ്റവും വലിയ തർക്കം തന്നെ നടക്കുന്നത്. ഈ ക്ഷേമപദ്ധതികൾ എല്ലാം പ്രവർത്തിക്കുന്നത്

ഇന്ററസ്റ്റ് റേറ്റിലാണ്. കിട്ടുന്ന ഇന്ററസ്റ്റ് വച്ചിട്ടാണ് പ്രവർത്തിക്കുന്നത്. ആ ഇന്ററസ്റ്റ് വളരെ കുറഞ്ഞു വരുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് അവർക്ക് ബെനിഫിറ്റ്സ് കൊടുക്കുന്നതിനുള്ള ഫണ്ട് അവയിലബിലിറ്റി വളരെ കുറയുന്നത്. അതുകൊണ്ട് ഞങ്ങൾ കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിൽ ലേബർ വകുപ്പുമന്ത്രിയോടും ഈ ആശയം മുന്നോട്ടു വച്ചു. ഇപ്പോൾ കേരളത്തിൽ തന്നെ 600 കോടിയോളം രൂപ വിവിധ ക്ഷേമ പദ്ധതികൾക്കായി ഡെപ്പോസിറ്റ്സ് ഉണ്ട്. അതുപോലെ തന്നെ പല നിലയിലുള്ള നിക്ഷേപങ്ങൾ അവരുടെ കയ്യിലുണ്ട്. അൺക്ലെയിംഡ് പി.എഫിന്റെ തന്നെ വലിയ തുക കയ്യിലുണ്ട്. ആറായിരം കോടിയോളം രൂപ വരുമെന്നാണ് കണക്ക് പറയുന്നത്. ഇതെല്ലാം കൂടി ചേർത്തുകൊണ്ട് പ്രത്യേകിച്ച് അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് അവരുടെ കൊച്ചു കൊച്ചു ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായകരമായ നിലയിൽ ഇപ്പോൾ അഗ്രിക്കൾച്ചറൽ മേഖലയിൽ നബാർഡ് പ്രവർത്തിക്കുന്നതുപോലെ ലേബർ മേഖലയിൽ ലേബർ ബാങ്ക് എന്ന ആശയം മുന്നോട്ടു വന്നിട്ടുണ്ട്. അത് എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിയും എന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്.

ശ്രീ. എ. കെ. ബാലൻ: സർ, തൊഴിൽ വ്യവസായ രംഗത്ത് ഏതാണ്ട് 24 ക്ഷേമപദ്ധതികൾ ഇപ്പോൾ കേരളത്തിലുണ്ട്. അറുപത് ലക്ഷത്തോളം തൊഴിലാളികളുള്ള ഇൻഡ്യാരാജ്യത്ത് ഏറ്റവും നല്ല ക്ഷേമപദ്ധതിയും പെൻഷൻ പദ്ധതിയും ഉള്ളതാണ്. കേരളത്തിൽ ഇത് നടപ്പിലാക്കാൻ ഇപ്പോൾ കഴിയുന്നില്ല. ഇതിന്റെ പ്രധാനപ്പെട്ട കാരണം ജീവനക്കാരില്ല; ഡെപ്യൂട്ടേഷനിലാണ് കുറച്ച് ആളുകൾ വരുന്നത്. അവരെ അങ്ങനെ തന്നെ പേരന്റ് ഓർഗനൈസേഷൻ തിരിച്ചു വിളിക്കുകയാണ് ചെയ്യുന്നത്. ഇൻഡ്യാ രാജ്യത്തിലെ ഏറ്റവും നല്ല ക്ഷേമ പദ്ധതിയാണ് നിർമ്മാണത്തൊഴിലാളി ക്ഷേമപദ്ധതി. അത് അങ്ങനെ തന്നെ പൊളിയുകയാണ്. മൂന്ന് കൊല്ലം മുമ്പ് കല്യാണവുമായി ബന്ധപ്പെട്ടുകൊണ്ട് അപേക്ഷ കൊടുത്തു; വിവാഹത്തിനു വേണ്ടിയുള്ള ആനുകൂല്യം കിട്ടുന്നില്ല. കുട്ടി ഒന്നായി. ഡൗൺ സൈസിംഗ് ആണ് ഇപ്പോൾ കേരളത്തിൽ നടക്കുന്നത്. ഡൗൺ സൈസിംഗ് നടക്കുന്നതിന്റെ ഭാഗമായി പരിപൂർണ്ണമായും ക്ഷേമ പദ്ധതി പാരലൈസ് ചെയ്തിരിക്കുന്നു. ജീവനക്കാരെ കൊടുക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട ബാലൻ പറഞ്ഞ നിർമ്മാണ തൊഴിലാളികൾക്കുള്ള ആനുകൂല്യം കല്യാണം കഴിഞ്ഞ് ഒരു കുട്ടി ഉണ്ടായിട്ടും കൊടുത്തില്ല എന്ന് പറഞ്ഞത് പൂർണ്ണമായും നിഷേധിക്കുന്നു. അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല എന്ന് ഞാൻ ഉറപ്പു പറയുകയാണ്. ഈ ക്ഷേമ പദ്ധതിയുടെ പ്രവർത്തനത്തിന് ആവശ്യമായ സ്റ്റാഫിന്റെ പോരായ്മ കുറച്ചൊക്കെയുണ്ടായിരുന്നു; അതിപ്പോൾ നികത്തിയിട്ടുണ്ട്. മാത്രമല്ല, ഈ ബോർഡുകളുടെയെല്ലാം അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് ഏറ്റവും കുറച്ചു നിർത്തേണ്ടത് ഇവയുടെ നിലനിൽപ്പിന് ആവശ്യമാണ്. ഏറ്റവും കുറച്ച് സ്റ്റാഫിനെക്കൊണ്ട് ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുക എന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമപദ്ധതിയുടെ ഉദ്ദേശം. കഴിഞ്ഞ ദിവസങ്ങളിൽ ഏറ്റവും വലിയ ആക്ഷേപം വന്നത് ഈ ക്ഷേമപദ്ധതികളുടെ പ്രവർത്തന ചെലവ് വളരെയധികം വർദ്ധിപ്പിച്ചതുകൊണ്ടാണ്. അത് ക്ഷേമ പദ്ധതികളേക്കാൾ കൂടുതൽ വരുന്നു. അതുകൊണ്ട് ഞങ്ങൾ അത് കുറച്ചൊക്കെ നിയന്ത്രിക്കുന്നുണ്ട്. പക്ഷേ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിൽ ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന ക്ഷേമപദ്ധതിയാണ്. അപേക്ഷ കിട്ടി ഒരു മാസത്തിനകം അതിനകത്ത് അന്തിമമായ തീരുമാനം എടുക്കുക എന്നുള്ളതാണ് ഇപ്പോഴും ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഏതെങ്കിലും പ്രത്യേക കേസ് ചൂണ്ടിക്കാണിച്ചാൽ അത് പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, കേരളത്തിലെ സാമൂഹ്യ പ്രബുദ്ധതയ്ക്ക് ഏറ്റവും കൂടുതൽ സംഭാവന നൽകുന്ന വിഭാഗമാണ് ബീഡിത്തൊഴിലാളികൾ. സംഘടിത മേഖലയിലെ ബീഡിത്തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ടും പെൻഷനും കിട്ടുന്നുണ്ട്. അസംഘടിത മേഖലയിലെ പരമ്പരാഗത ബീഡി തൊഴിലാളികളെകൂടി സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും രംഗത്ത് ഉൾപ്പെടുത്തി അവർക്ക് പെൻഷൻ നൽകുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ബീഡിത്തൊഴിലാളികൾക്ക് രണ്ട് ക്ഷേമപദ്ധതികളുണ്ട്. സംഘടിത മേഖലയിലെ ഫാക്ടറികളിൽ പ്രവർത്തിക്കുന്ന വർക്കാണ് കൂടുതലും നൽകുന്നത്. പക്ഷേ ബീഡി വ്യവസായം പല കുടിലുകളിലായി സ്കാറ്റേഡായി കിടക്കുന്ന മേഖലയാണ്. നമ്മുടെ സംസ്ഥാനത്തിലെ ബീഡിത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികളിൽ അവരേയും ചേർത്തുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ളവരെ പരമാവധി അതിൽ അംഗങ്ങളാക്കി ആനുകൂല്യങ്ങൾ നൽകുന്നതിന് ശ്രമിച്ചു വരുകയാണ്. ഏതെങ്കിലും മേഖലയിലെ കാര്യം ചൂണ്ടിക്കാണിച്ചാൽ അവിടെ അംഗങ്ങളെ ചേർക്കുന്നതിന് നടപടി സ്വീകരിക്കാം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഇന്ന് കേരളത്തിൽ അസംഘടിത രംഗത്ത് ഏറ്റവും അധികം ജോലി ചെയ്യുന്നത് സ്ത്രീകളാണ്. അസംഘടിത മേഖലയിൽ തന്നെ അടുത്ത കാലത്തായി കോൺട്രാക്ട് ബേസിസ്സിൽ ധാരാളം സ്ത്രീകളെ ജോലിക്ക് എടുക്കുന്നുണ്ട്. പക്ഷേ വളരെ തുച്ഛമായ കൂലിയാണ് അവർക്ക് ലഭിക്കുന്നത്. വിവിധ മേഖലകളിൽ ജോലി ചെയ്യുന്നുണ്ട്; ഉച്ചക്കഞ്ഞി വയ്ക്കുന്ന രംഗത്ത്, ഷോപ്പുകളിൽ, ആശുപത്രികളിൽ ഒക്കെയുണ്ട്. ഇന്ന് കേരളത്തിൽ അസംഘടിത രംഗത്ത് ജോലി ചെയ്യുന്നതിൽ 90% ത്തിലേറെ സ്ത്രീകളാണ്. അതുകൊണ്ട് തന്നെ അവർക്ക് തുച്ഛമായ കൂലിയുമാണ്. ഈ വിഭാഗത്തിൽപ്പെട്ട ഏറ്റവും അവശതയനുഭവിക്കുന്ന സ്ത്രീകൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുന്നതിന് ഗവൺമെന്റിന് കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് പ്രസക്തമായ കാര്യമാണ്. പല മേഖലയിലും സ്ത്രീകളുടെ എണ്ണം വർദ്ധിച്ചു വരുന്നു. ആശുപത്രിയിലും കടകളിലുമൊക്കെ പണ്ടൊക്കെ പുരുഷൻമാർ മാത്രമായിരുന്നു ജോലി ചെയ്തിരുന്നത്. ഇപ്പോൾ ആ രംഗത്ത് കൂടുതലും സ്ത്രീകളാണ് കടന്നുവരുന്നത്. അവർക്ക് ആവശ്യമായ തൊഴിൽ സാഹചര്യങ്ങൾ ലഭിക്കുന്നില്ലെന്നും കൂലിയുടെ കാര്യത്തിൽ അവരെ എക്സ്പ്ലോയിറ്റ് ചെയ്യുന്നതായിട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാൻ ഈ അടുത്ത കാലത്ത് തന്നെ കേരളത്തിലെ എല്ലാ ടെക്സ്റ്റൈൽ ഷോപ്പുകളിലും പ്രത്യേക സ്കാഡിനെ ഉപയോഗിച്ച് പരിശോധന നടത്തി. അവിടത്തെ സ്ഥിതി വളരെ മോശമാണ്. അവിടെയുള്ള സ്ഥിതി എന്താണെന്ന് വച്ചാൽ ടെക്സ്റ്റൈൽ ഷോപ്പിൽ അൻപതോ അറുപതോ കുട്ടികൾ ജോലി ചെയ്യുന്നതായിട്ട് കണ്ടെത്തി, അവരുടെ പേരിൽ നടപടിയെടുത്ത് തൊഴിലാളികൾക്ക് എല്ലാപേർക്കും ശമ്പളവും ആനുകൂല്യങ്ങളും ഉറപ്പു വരുത്താൻ വരുമ്പോൾ അവർ ആളുകളെ പകുതിയായി കുറയ്ക്കും. അവർ പറയുന്നത് "ഞങ്ങൾ ഓണക്കാലത്ത് പ്രത്യേക സെയിൽസിനുവേണ്ടി ഏർപ്പെടുത്തിയതാണ് അല്ലെങ്കിൽ ഉത്സവകാലത്ത് പ്രത്യേക സാഹചര്യത്തിൽ നിർത്തിയതാണ് ഞങ്ങൾക്ക് അവരുടെ ആവശ്യമില്ല" എന്നൊക്കെയാണ്. അപ്പോൾ ഇത്ര പേർ മാത്രമേ ആവശ്യമുള്ളൂ എന്നതിനെ സംബന്ധിച്ച് തർക്കം വരും. അവിടെ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളും ഒക്കെ ചേർന്ന് നമുക്ക് അതിന് ഒരു ക്രമീകരണം ആവശ്യമാണ്. സ്ത്രീകളെ പലപ്പോഴും അങ്ങനെയുള്ള കുറഞ്ഞ ശമ്പളത്തിന് ജോലി ചെയ്യിക്കുന്ന പ്രവണത, വ്യവസായം നിലനിർത്തുന്നതിന് പര്യാപ്തമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് എങ്ങനെ പരിശോധിക്കാം എന്നിവയെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിർമ്മാണ രംഗത്ത് ധാരാളം ആളുകൾ തമിഴ്നാട്ടിൽ നിന്നും ബംഗാളിൽ നിന്നും പട്ടിണി സഹിക്കാനാകാതെ കേരളത്തിൽ വരുന്നുണ്ട്. ഇങ്ങനെ ധാരാളം ആളുകൾ റോഡ് നിർമ്മാണ രംഗത്തുണ്ട്. കമ്പത്തുനിന്ന് വരുന്ന കന്നുകാലികൾക്കുവേണ്ടിപ്പോലും പ്രകൃതി സ്നേഹികൾ കവിത രചിക്കുകയും അവർക്കുവേണ്ടി പാടുകയും ചെയ്യുന്നുണ്ട്. ഈ പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ആരും പാടാൻ ഇല്ല. അവർക്ക് വേണ്ടി ആരും സംസാരിക്കാനില്ല. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇവർക്ക് ആവശ്യമായ കൂലി ലഭിക്കാത്തതുകൊണ്ട് നാട്ടിൻപുറങ്ങളിൽ മോഷണത്തിനും കളവിനും നേതൃത്വം കൊടുക്കുന്ന ചില സംഭവങ്ങളും ഉണ്ട്. ഈ സാമൂഹ്യ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് അടിയന്തിരമായി ഇടപെടണം. ഇങ്ങനെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ആളുകളെ കൊണ്ടുവരുന്നതിന്റെ സംവിധാനത്തെ കുറിച്ച് ഗവൺമെന്റ് പരിശോധിക്കണം. ബാലവേല ചെയ്യുന്നതിനുവേണ്ടിയും കുട്ടികളെ കൊണ്ടുവരുന്നുണ്ട്. അതിനെ സംബന്ധിച്ചിടത്തോളം ആലോചിച്ച് യുക്തമായ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: സർ, നമ്മുടെ അസംഘടിത മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. റോഡ് നിർമ്മാണ മേഖലയിൽ മാത്രമല്ല, ഒരു കാലത്ത് ഏറ്റവും സുസംഘടിതമായിരുന്ന പല മേഖലകളിലേയ്ക്കും ഇന്ന് അന്യ സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞ കൂലിക്ക് തൊഴിലാളികളെ കൊണ്ടുവന്ന് ജോലി ചെയ്യിക്കുന്ന ഒരു പ്രവണത ഉണ്ട്. സാമില്ലുകൾ, റൈസ് മില്ലുകൾ, ഇഷ്ടികക്കളങ്ങൾ തുടങ്ങി എല്ലാ മേഖലകളിലും ഇന്ന് അന്യ സംസ്ഥാനങ്ങളിൽ നിന്ന്—ആ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകൾ ശ്രദ്ധിക്കാൻ വേണ്ടി പറയുകയാണ്. തൊഴിലാളികളെ കൊണ്ടുവന്ന് അസംഘടിതരായിട്ടുള്ള ഇവരെ ചൂഷണത്തിന് വിധേയമാക്കുന്ന ഒരു പ്രവണത കാണുന്നുണ്ട്. ഈ അടുത്ത ദിവസങ്ങളിലായി ലേബർ ഡിപ്പാർട്ടുമെന്റ് ഈ കാര്യത്തിൽ ശക്തമായ നടപടികളുമായിട്ട് നീങ്ങുകയാണ്. തൊഴിലാളികളെ അന്യ സംസ്ഥാനത്തിൽ നിന്ന് കൊണ്ടുവരുന്നതിന് വ്യക്തമായ നിബന്ധനകൾ ഉണ്ട്. അത് നടപ്പിലാക്കാൻ ഞങ്ങൾ തുടങ്ങിയിരിക്കുകയാണ്. വരുന്നത് എന്താണെന്നുവച്ചാൽ, ഇവരെയൊക്കെ തിരിച്ച് അയയ്ക്കേണ്ടുന്ന ബാദ്ധ്യതകൂടി ഗവൺമെന്റിന് ഏറ്റെടുക്കേണ്ടി വരുന്നു എന്നുള്ളതാണ്. ഇവരെ കൊണ്ടുവരുന്ന കോൺട്രാക്ടർമാർ ഇവിടെ രജിസ്റ്റർ ചെയ്യണമെന്നുണ്ട്. കോൺട്രാക്ടർമാർ ലേബർ ഡിപ്പാർട്ടുമെന്റിൽ രജിസ്റ്റർ ചെയ്യണം. നമുക്ക് ഇപ്പോൾ എമിഗ്രേഷൻ റൂൾസ് ഉള്ളതുപോലെതന്നെ ഇവിടെ നിന്ന് ഗുജറാത്തിലേയ്ക്കൊക്കെ മീൻ നുള്ളുന്നതിന് സ്ത്രീകളെ കൊണ്ടു പോകുന്നതിനു ചില നിബന്ധനകൾ ഉണ്ട്. അതുപോലെ നിബന്ധനകൾ നമ്മുടെ സംസ്ഥാനത്തേക്ക് ആളുകളെ കൊണ്ടുവരുന്നതിനും ഉണ്ട്. പലപ്പോഴും അത് പരിപാലിക്കപ്പെടുന്നില്ല. ഈ അടുത്ത ദിവസം ഒരു യോഗത്തിൽ ഞാൻ ലേബർ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരോട് ശക്തമായി ആവശ്യപ്പെട്ടിരിക്കുകയാണ് ഈ മേഖലകളിലെല്ലാം പരിശോധന നടത്തി അന്യ സംസ്ഥാനങ്ങളിൽ നിന്ന് വന്നിട്ടുള്ള തൊഴിലാളികളുടെ സ്റ്റാറ്റിസ്റ്റിക്സ് എടുക്കാനും അതാത് മേഖലകളിൽ ആ നിയമങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താനും നടപടികൾ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. എല്ലാ ട്രേഡ് യൂണിയനുകളുടേയും സഹായവും സഹകരണവും ഈ കാര്യത്തിൽ ആവശ്യമാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സംഘടിത മേഖലയിലായാലും അസംഘടിത മേഖലയിലായാലും തൊഴിലാളികളെ സംബന്ധിക്കുന്ന ഏറ്റവും വലിയ പരിരക്ഷ നിയമപരമായിട്ട് അവർക്ക് കിട്ടുന്ന ആനുകൂല്യങ്ങളും അവകാശങ്ങളുമാണ്. അസംഘടിത മേഖലയിൽ പ്രത്യേകിച്ചും അത് നിഷേധിക്കാനും കൊടുക്കാതിരിക്കാനുമുള്ള ശ്രമവും നടക്കാറുണ്ട്. പണിമുടക്ക് നിരോധിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധിയും ഹൈക്കോടതിയിൽ നിന്ന് വരുന്ന വിധികളുമൊക്കെ തൊഴിലാളികളുടെ അവകാശങ്ങൾക്ക് നേരെയാണ് വിരൽ ചൂണ്ടുന്നത്. അതുമായി ബന്ധപ്പെട്ട ഒരു ചോദ്യമാണ് ഞാൻ ഉന്നയിക്കുന്നത്. സംസ്ഥാനത്തെ പീഡിത തൊഴിലാളികൾ ഉൾപ്പെടെ വിവിധ മേഖലകളിൽപ്പെട്ട തൊഴിലാളികൾക്ക്, പ്രത്യേകിച്ച് പീഡിത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക്, ഗ്രാറ്റുവിറ്റി കിട്ടാൻ അർഹതയില്ല എന്ന ഹൈക്കോടതി വിധി വന്നിട്ടുണ്ട്. അസംഘടിതരായ ഈ

പീഡിത തൊഴിലാളികൾക്ക് ഇന്ന് നിയമപരമായി കിട്ടുന്ന ഒരു ആനുകൂല്യമാണ്, പിരിഞ്ഞുപോകുമ്പോൾ കിട്ടുന്ന ഗ്രാറ്റുവിറ്റി. അത് ഹൈക്കോടതി വിധിയിലൂടെ നഷ്ടപ്പെടുകയെന്ന് പറഞ്ഞാൽ വലിയ ഒരു അനീതിയായിരിക്കും; വലിയ ഒരു ആനുകൂല്യനിഷേധമായിരിക്കും. അവകാശ നിഷേധമായിരിക്കും. അതുകൊണ്ട് തൊഴിൽ വകുപ്പ് അടിയന്തിരമായി ഇടപ്പെട്ട് ആ ഗ്രാറ്റുവിറ്റി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, എന്റെ ഓർമ്മ ശരിയാണെങ്കിൽ 10 തൊഴിലാളികൾ എങ്കിലും മിനിമമുള്ള ഒരു സ്ഥാപനത്തിലാണ് ഇന്ത്യൻ ഗ്രാറ്റുവിറ്റി ആക്ട് ആപ്ളിക്കബിൾ ആകുന്നത്, ആക്ടിലെ പ്രസ്തുത ക്ലാസിനെ സംബന്ധിച്ചാണ് സുപ്രീം കോടതി വിധിയുണ്ടായത്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾത്തന്നെ എല്ലാ സ്ഥാപനത്തിലും ഗ്രാറ്റുവിറ്റി നിയമം നടപ്പിലാക്കിയിട്ടുണ്ട്. പക്ഷേ സുപ്രീം കോടതിയുടെ അടുത്തകാലത്തെ ഇന്റർപ്രട്ടേഷനിൽ ഇങ്ങനെ ഒരു പരാമർശം വന്നിട്ടുണ്ട്. അത് നമ്മുടെ സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് ഞങ്ങൾ പരിശോധിക്കുന്നുണ്ട്. നിലവിലുള്ള തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം ഇല്ലാതാക്കുന്ന സാഹചര്യം ഉണ്ടായാൽ ആവശ്യമെന്നുകണ്ടാൽ നിയമ ഭേദഗതിക്ക് ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, അസംഘടിത തൊഴിൽമേഖലയുമായി ബന്ധപ്പെട്ട നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നവരിൽ നല്ലൊരു ഭാഗം ഈ രംഗവുമായി യാതൊരു ബന്ധവുമില്ലാത്ത രാഷ്ട്രീയ പ്രവർത്തകരാണ്. എന്റെ നിയോജകമണ്ഡലം പാറക്വാറികൾ, ഇഷ്ടികക്കളങ്ങൾ തുടങ്ങി എല്ലാതരത്തിലുമുള്ള നിർമ്മാണ സാമഗ്രികളുടെ നിർമ്മാണകേന്ദ്രമാണ്. ഇപ്പോൾ ആ രംഗത്ത് പ്രവർത്തിക്കുന്ന ആർക്കുംതന്നെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമില്ല. കാരണം ഒരു രാഷ്ട്രീയക്കാരുടെ നിർദ്ദേശമനുസരിച്ചാണ് ഈ സംരംഭത്തിൽ ആളുകളെ ചേർക്കുന്നത്. ഒരു സർവേ നടത്തി യഥാർത്ഥ തൊഴിലാളികൾ അല്ലാത്തവരെ ഒഴിവാക്കി, നിർമ്മാണമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ ഇതിനകം തന്നെ 9 ലക്ഷം തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. ഇനിയും അധികം തൊഴിലാളികൾ അതിൽ അംഗങ്ങളായിട്ട് വരാനുണ്ട്. ട്രേഡ് യൂണിയനുകൾ ആണ് തൊഴിലാളികളെ അതിൽ രജിസ്റ്റർ ചെയ്യിക്കുന്നതിന് മുൻകയ്യെടുക്കുന്നത്. ഏതെങ്കിലും മേഖലയിൽ തൊഴിലാളി യൂണിയനുകൾ അങ്ങനെ മുൻകയ്യെടുത്തില്ലായെങ്കിൽ ബഹുമാനപ്പെട്ട അങ്ങ് തന്നെ അതിന് മുൻകയ്യെടുത്ത് ആ മേഖലയിലെ തൊഴിലാളികളെയെല്ലാം ഈ ക്ഷേമപദ്ധതിയിൽ കൊണ്ടുവരാനുള്ള നടപടി..... പിന്നെ അർഹരല്ലാത്ത ആരെങ്കിലുമൊക്കെ അംഗങ്ങൾ ആകുന്നെങ്കിൽ അത് പരിശോധിക്കാം. അതിന് ഒരു പരിശോധന ഞങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. അത് പരിശോധിച്ച് അംഗങ്ങളല്ലാത്ത ആരെങ്കിലും ഉണ്ടെങ്കിൽ എന്ത് ചെയ്യണമെന്നതിനെക്കുറിച്ച് പരിശോധിച്ച് ബോർഡ് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ജോലിക്ക് ഭക്ഷണം എന്ന പേരിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഒരു തൊഴിൽ അവസരം ഉണ്ടാക്കിയിരിക്കുകയാണ്. ആയിരക്കണക്കിന് ആളുകൾ ഈ പദ്ധതിയിൽ ഇന്ന് തൊഴിൽ ചെയ്യുന്നുണ്ട്. അവരെ ഏത് മേഖലയിലാണ് ലേബർ വകുപ്പ് കണ്ടിരിക്കുന്നത്; അവരുടെ സംരക്ഷണത്തിനുവേണ്ടി എന്തെങ്കിലും പ്രത്യേകമായ സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: ഇത് കേന്ദ്ര ഗവൺമെന്റിന്റെ ഒരു പ്രോജക്ടാണ്. 'ഫുഡ് ഫോർ വർക്ക്', ഒരു സ്കീമാണ്. ആ സ്കീം നടപ്പാക്കി വരുമ്പോൾ, (ഇപ്പോൾ പുതിയ ഗവൺമെന്റും പ്രഖ്യാപിച്ചിട്ടുണ്ട്) ഒരു വർഷത്തിൽ 100 ദിവസം ജോലി ഉറപ്പാക്കുന്നതാണ്. ഇത് അസംഘടിത മേഖലയിൽ ആണ് വരുന്നത്. പുതിയ തൊഴിലാളികൾ ഉണ്ടെങ്കിൽ അവരും അസംഘടിതമേഖലയിൽ തന്നെയാണ് വരുന്നത്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക്, ഞാനിവിടെ ഉത്തരത്തിൽ പറഞ്ഞു, ഒരു പുതിയ പരിപാടി ഞങ്ങൾ വിഭാവന ചെയ്യുന്നുണ്ട്. അവർക്ക് ആരോഗ്യ പരിരക്ഷയ്ക്കായിട്ട് ഇ.എസ്.ഐ. സംവിധാനം ഉപയോഗിക്കാം. ഇ.എസ്.ഐ.-യുമായി ചർച്ചചെയ്ത് ഒരു തൊഴിലാളിയുടെ പേരിൽ എത്രയെങ്കിലും ഒരു തുക നിശ്ചയിച്ചാൽ അത്രയും തുക അടയ്ക്കുകയാണെങ്കിൽ അവർക്ക് ആരോഗ്യപരിരക്ഷ നൽകുന്നതിന് ഞങ്ങൾ ഒരു സ്കീം പുതിയതായി രൂപപ്പെടുത്തുന്നുണ്ട്. അവരെ ആ പരിരക്ഷയിൽ കൊണ്ടുവരും.

ശ്രീ. പി. ടി. തോമസ്: സർ, പുതിയതായി 15 ലക്ഷം തൊഴിലവസരവുമായി ബന്ധപ്പെട്ടതാണ്. ഇപ്പോൾ കേന്ദ്രത്തിൽ അധികാരത്തിൽ വന്നിരിക്കുന്ന യു.പി.എ. ഗവൺമെന്റ് കോമൺ മിനിമം പ്രോഗ്രാമിൽ സ്വകാര്യ മേഖലയിൽ തൊഴിൽ സംരക്ഷണം ഏർപ്പെടുത്തണമെന്ന് പ്രഖ്യാപിക്കുകയും അതനുസരിച്ച് സംസ്ഥാന ഗവൺമെന്റുകൾക്ക് കത്ത് എഴുതിയിട്ടുമുണ്ടെന്നു ഞാൻ മനസ്സിലാക്കുകയാണ്. അതിനെ സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും നിലപാട് എടുത്തിട്ടുണ്ടോ? കത്ത് കിട്ടിയിട്ടുണ്ടോ? ഇതിനെ സംബന്ധിച്ച് എന്താണ് നിലപാട് എന്ന് വ്യക്തമാക്കുമോ?

ശ്രീ. ബാബു ദിവാകരൻ: തൊഴിൽ മേഖലയിൽ ഇങ്ങനെ തൊഴിലവസരങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പിന് പ്രത്യേകിച്ച് കാര്യങ്ങളൊന്നുമില്ല. എങ്കിലും ഇങ്ങനെ ഒരു വാർത്ത ഞാനും പത്രത്തിൽ കാണാൻ ഇടയായിട്ടുണ്ട്. അത് എന്താണെന്നുവച്ചാൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. എ. എൻ. രാജൻ ബാബു: യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ തന്നെ പിരിച്ചുവിടപ്പെട്ട ചാരായത്തൊഴിലാളികളെ പുനരധിവസിപ്പിക്കണമെന്നു പറഞ്ഞു. അതിനുവേണ്ടി ചട്ടവും ഉണ്ടാക്കി. അത് അനുസരിച്ച് ഏജിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി ഗവൺമെന്റിനെ ഏൽപ്പിക്കാൻ മുഖ്യമന്ത്രി ഉത്തരവ് ഇട്ടതാണ്. അത് അനുസരിക്കാത്ത ഉദ്യോഗസ്ഥൻമാർ ഈ ഗവൺമെന്റിൽ ഉണ്ട്. മുഖ്യമന്ത്രിയുടെ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട രാജൻ ബാബുവിന് അറിയാവുന്നതുപോലെ അതുമായി ബന്ധപ്പെട്ടവർ നിരവധി കേസുകളിൽ കുടുങ്ങി, ലിസ്റ്റ് തയ്യാറാക്കുന്നതിലുള്ള പ്രയാസമാണ്; അത് നടപ്പിലാക്കുന്നതിന് സാരമില്ല. നൂലാമാലകൾ പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കി ഈ ഗവൺമെന്റിനെ ഏൽപ്പിക്കുന്നതിനുള്ള കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ആഴ്ചയാണ് അതിന്റെ ലിമിറ്റ് കൊടുത്തിരിക്കുന്നത്.

ശ്രീ. എ. എ. അസീസ്: കശുവണ്ടി വ്യവസായം സംഘടിത വ്യവസായമാണ്. ആ വ്യവസായത്തിൽ മിനിമം വേജസ് നിലവിലുണ്ട്. എന്നാൽ ആ വ്യവസായം വികേന്ദ്രീകരിച്ച് ആലപ്പുഴ, പെരുമ്പാവൂർ മേഖലയിലെ വീടുകളിൽ ഇപ്പോൾ പ്രോസസിംഗ് നടത്തുന്നുണ്ട്. ഇത് ആരംഭിച്ചിട്ട് ഏതാനും വർഷങ്ങളായി. ഇത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. ബാബു ദിവാകരൻ: ഇപ്പോൾ സംഘടിത മേഖലയിൽനിന്നും അസംഘടിത മേഖലയിലേക്ക് കൊണ്ടുപോകുന്ന പ്രവണത കണ്ടു വരുന്നുണ്ട്. അത് രണ്ട് തരത്തിലാണ്. സംഘടിതമേഖലയിൽ ഫാക്ടറികൾ നടക്കുന്ന മേഖലയിൽ കർശനമായി നിയമം നടപ്പിലാക്കും. മറ്റ് മേഖലകളിൽ വ്യവസായം നടത്തുന്നതിന് ചില നിബന്ധനകളുണ്ട്. നിയമ വ്യവസ്ഥയനുസരിച്ചാണ് ഇത് നടക്കുന്നതെന്ന് ഉറപ്പുവരുത്തും.

ഭരണത്തിന്റെ കാര്യക്ഷമതയ്ക്കും ഐ.ടി. അധിഷ്ഠിത വ്യവസായ വികസനത്തിനും നടപടികൾ

*2 [341] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്:
" ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഐ.ടി. അധിഷ്ഠിത വ്യവസായ വികസനത്തിനും സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ സുതാര്യവും സുഗമവുമാക്കുന്നതിൽ ഐ.ടി. ഏതെല്ലാം തരത്തിലാണ് പ്രയോജനപ്പെടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിലില്ലായ്മ പരിഹരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള യത്നങ്ങൾക്ക് വിവരസാങ്കേതിക വിദ്യ എങ്ങനെ എത്രത്തോളം പ്രയോജനപ്പെടുമെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly